**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരളീയ പ്രവാസി കാര്യ വകുപ്പ്- ലോക കേരള സഭാ സെക്രട്ടേറിയറ്റ് രൂപീകരിച്ചും ചുമതലകൾ നല്കിയും ഉത്തരവ് പറപ്പെടുവിക്കുന്നു.

**നോർക്ക (എ) വകുപ്പ്**

**സ.ഉ.(കൈ) നം.2/2018/നോര്ക്ക** തീയതി,തിരുവനന്തപുരം, 31/07/2018

പരാമർശം:- (1)സ.ഉ (സാധാ) നം. 37/2018/നോർക്ക തീയതി. 09/01/2018.
(2)നോർക്ക റൂട്ട് സ് സി ഇ ഒ യുടെ 17 /07 /2018 ലെ 1756 /ജി/2018 നം. കത്ത്

<u>ഉത്തരവ്</u>

1) പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ലോക കേരള സഭ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ലോകത്താകമാനം ചിതറിക്കിടക്കുന്ന പ്രവാസി മലയാളികളെ ഒരു പൊതു വേദിക്കു പിന്നിൽ അണിനിരത്താനും അവരുടെ മാതൃ സംസ്ഥാനവുമായുള്ള ബന്ധം നിലനിർത്തിപ്പോരുന്നതിനുമുള്ള സർക്കാരിന്റെ മഹത്തായ ഒരു ഉദ്യമമാണ് ലോക കേരള സഭ. 351 അംഗങ്ങൾ അടങ്ങുന്നതാണ് ലോക കേരള സഭ. സംസ്ഥാന നിയമസഭയിലെ മുഴുവൻ അംഗങ്ങളും കേരളത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങളും ചേർന്ന് 174 പേരും ഇവരെ കൂടാതെ ഇന്ത്യൻ പൗരന്മാരായ കേരളീയ പ്രവാസികളെ പ്രതിനിധീകരിച്ച് കേരള സർക്കാർ നാമ നിർദ്ദേശം ചെയ്ത 177 അംഗങ്ങളും ഉൾപ്പെട്ടതാണ് ലോക കേരള സഭ.

3) ഇപ്രകാരം രൂപീകരിക്കപ്പെട്ട ലോക കേരളസഭയുടെ പ്രഥമ സമ്മേളനം 2018 ജനുവരി 12- 13 തീയതികളിൽ തിരുവനന്തപുരം നിയമസഭാ മന്ദിരത്തിൽ വച്ച് നടന്നു. ഒന്നാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞു വന്ന തീരുമാനങ്ങളിൽ മുഖ്യമായത് ലോക കേരള സഭയ്ക്ക് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് സംവിധാനം ഉണ്ടാക്കുക എന്നതാണ്. ലോക കേരള സഭയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും കൈക്കൊള്ളുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഒരു ഭരണസംവിധാനമാണ് ലോക കേരള സഭ സെക്രട്ടേറിയറ്റ്.

4) ഇത്തരത്തിൽ രൂപം കൊടുക്കേണ്ട ലോക കേരള സഭ സെക്രട്ടേറിയറ്റിന്റെ ഘടനയും

ചുമതലയും സംബന്ധിച്ച് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പരാമർശം (2) പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക കേരള സഭ വിഭാവനം ചെയ്തിരിക്കുന്ന മഹത്തായ ലക്ഷ്യങ്ങൾ സാക്ഷാത് കരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ലോക കേരള സഭ സെക്രട്ടേറിയറ്റ് രൂപീകരിച്ച് ഉത്തരവാകുന്നു.

1. ചീഫ് സെക്രട്ടറി (സെക്രട്ടറി, ലോക കേരള സഭ)
2. പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ് (ജനറൽ കൺവീനർ)
3. സെക്രട്ടറി. കേരള നിയമസഭ
4. മൂന്ന് വൈസ് ചെയർമാന്മാർ, നോർക്ക റൂട്ട്സ്
5. ചെയർമാൻ, പ്രവാസി ക്ഷേമനിധി ബോർഡ്
6. ശ്രീ. കെ.എൻ.ഹരിലാൽ, മെമ്പർ, പ്ലാനിംഗ് ബോർഡ്
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസി ക്ഷേമനിധി ബോർഡ്

6) ലോക കേരള സഭാ സെക്രട്ടേറിയറ്റിന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കും.

1. ലോക കേരള സഭയുടെ സംഘാടനം
2.ഏഴ് വിഷയ മേഖലാ കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സമഗ്രമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക.
3. എൻ.ആർ.ഐ കലോത്സവങ്ങളുടെ സംഘാടനം
4.ലോക കേരള സഭയോട് അനുബന്ധിച്ചും അല്ലാതെയുമുള്ള കലാ സാംസ്കാരികോത്സവങ്ങളുടെ (Global Cultural Fest) സംഘാടനം.
5. ലോകമെമ്പാടുമുളള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണുകയും ചെയ്യുക.

7) കൂടാതെ,
1. ലോക കേരള സഭാ സെക്രട്ടേറിയറ്റിന്റെ ഓഫീസ് നോർക്ക റൂട് സ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്.
2. ഇതിന്റെ സെക്രട്ടേറിയൽ ജോലികൾ ഇതിനകം നിയമിതരായ ഒരു സ്പെഷ്യൽ ഓഫീസറുടെയും രണ്ട് അസിസ്റ്റന്റുമാരുടെയും സഹായത്തോടെ നോർക്ക റൂട് സ് നിർവ്വഹിക്കുന്നതാണ്.
3. ലോക കേരള സെക്രട്ടേറിയറ്റിനു വേണ്ടി അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഭാവിയിൽ ആലോചിക്കുന്നതാണ്.
4. ലോക കേരള സഭ സെക്രട്ടേറിയറ്റ് ഒരു സ്വതന്ത്ര സംവിധാനമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജനാര്ദ്ദനന് കെ**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, കേരള നിയമസഭ

ചെയർമാൻ, കേരള പ്രവാസി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

വൈസ്ചെയർമാൻ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

1.ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
2.പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി